# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5192 06/02/2014-ലെ മറുപടിക്ക്.

## ഡി. വൈ. എസ്. പി ശ്രീ. കെ. എസ് ശ്രീകുമാറിന് രാഷ്ട്രപതിയുടെ അവാർഡ് നൽകാനുള്ള ശുപാർശ

**ചോദ്യം :** ശ്രീ. വി. ശിവൻ കുട്ടി

**ഉത്തരം :** ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി

| | |
|---|---|
| CC-561/10, U/s 451,323, 324, 326, 342, 120(B) and 34 IPC പ്രകാരമുള്ള കേസിൽ പ്രതിയായ ശ്രീ. കെ . എസ് ശ്രീകുമാരൻ, (ഡി. വൈ. എസ്. പി നാർക്കോട്ടിക് സെൽ, തിരുവനന്തപുരം) പ്രോസിക്യൂഷൻ നടപടി നേരിട്ടുകൊണ്ടിരിക്കെ പ്രസ്തുത വിഷയം മറച്ചു വച്ച് ടിയാന് സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ അവാർഡ് ലഭിക്കുന്നതിനായി ശുപാർശ ചെയ്യാനിടയായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ? | സംസ്ഥാന പോലീസ് മേധാവിയുടെ അനുകൂല റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലാണ് 2011-ലെ സ്വാതന്ത്ര്യ ദിന സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലിന് ശ്രീ.കെ.എസ്. ശ്രീകുമാറിന്റെ പേര് ശുപാർശ ചെയ്യാനിടയായത്. പിന്നീട് ലഭിച്ച പരാതിയുടെ വെളിച്ചത്തിൽ ഇക്കാര്യം പരിശോധിക്കുകയും ആഭ്യന്തര (എ) വകുപ്പിലെ 06/01/2009 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 68/09/ആഭ്യന്തരം പ്രകാരം ടിയാനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള ഉത്തരവ് സർക്കാർ നൽകുകയും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാതെ സംസ്ഥാന പോലീസ് മേധാവി ടിയാനെ 2011-ലെ സ്വാതന്ത്ര്യ ദിന സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ട വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ